പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3815

17.10.2011-ൽ മറുപടിയ്ക്ക്

**ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിന് നടപടി**

ചോദ്യം

ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | ഗുരുവായൂർ ദേവസ്വം എല്ലാവർഷവും ഇതര ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി സ്വന്തം ഫണ്ടിൽ നിന്നും ധനസഹായം ചെയ്യാറുണ്ട്. നടപ്പു സാമ്പത്തിക വർഷത്തേക്കുള്ള ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മലബാർ ദേവസ്വവും 2011-12 സാമ്പത്തിക വർഷത്തിൽ പൊതു/സ്വകാര്യ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി ധനസഹായം അനുവദിക്കുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് അതിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വത്തിൻ കീഴിൽ ക്ഷേത്രോപദേശ സമിതികളുള്ള ക്ഷേത്രങ്ങളിൽ സമിതികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും, സമിതികൾ ഇല്ലാത്ത ക്ഷേത്രങ്ങളിൽ വകുപ്പിൽ നിന്ന് നേരിട്ടും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| (ബി) | ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ക്ഷേത്രങ്ങളുടെ നവീകരണ പ്രവൃത്തികൾക്കായി എത്ര തുക നീക്കിവെച്ചിട്ടുണ്ട്; | (ബി) | 2011-2012 സാമ്പത്തിക വർഷം ഗുരുവായൂർ ദേവസ്വം സ്വന്തം ഫണ്ടിൽ നിന്നും 1½ കോടി രൂപ കേരളത്തിലെ ഇതര ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ ധനസഹായമായി നൽകാൻ നീക്കിവച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് ഈയിനത്തിൽ 3.5 കോടി രൂപയും, തിരുവിതാംകൂർ ദേവസ്വം ബോർഡ് 6 കോടി രൂപയും, കൊച്ചിൻ ദേവസ്വം ബോർഡ് 2,68,26,000/- രൂപയും നവീകരണ പ്രവർത്തികൾക്കായി വകകൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ക്ഷേത്രങ്ങളാണ് ജീർണ്ണാവസ്ഥയിലുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | കോഴിക്കോട് ജില്ലയിലെ ക്ഷേത്രങ്ങളുടെ നിയന്ത്രണാധികാരമുള്ള മലബാർ ദേവസ്വം ബോർഡിൽ ഇതു സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |
| (ഡി) | ഇത്തരത്തിലുള്ള ഏതെല്ലാം ക്ഷേത്രങ്ങൾ ധനസഹായത്തിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ? | (ഡി) | ഗുരുവായൂർ ദേവസ്വം 2011-12 സാമ്പത്തിക വർഷത്തെ ക്ഷേത്ര ധനസഹായ വിതരണത്തിനുള്ള അപേക്ഷാ ഫോറം വിതരണം ചെയ്തുവരുന്നതേയുള്ളൂ. മലബാർ ദേവസ്വം ബോർഡിൽ ലഭ്യമായ അപേക്ഷകൾ ക്രോഡീകരിക്കുന്ന പ്രവൃത്തി ബന്ധപ്പെട്ട ഡിവിഷനുകളിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ